**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1223** **27-07-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.യിലെ ക്രമക്കേടുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | **Shri Antony Raju**<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി. യിൽ 2013 വരെയുള്ള ഓഡിറ്റിൽ കണ്ടെത്തിയതുൾപ്പെടെയുള്ള ക്രമക്കേടുകൾ സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | 2009-10 സാമ്പത്തിക വർഷത്തിൽ 7.11 കോടി രൂപയും, 2010-11 സാമ്പത്തിക വർഷത്തിൽ 18.40 കോടി രൂപയും, 2011-12 സാമ്പത്തിക വർഷത്തിൽ 36.07 കോടി രൂപയും, 2012-13 സാമ്പത്തിക വർഷത്തിൽ 100.75 കോടി രൂപയും സസ്പെൻസ് അക്കൗണ്ട് ഉള്ളതായി Annual Accounts and Audit Report-ൽ കാണുന്നുണ്ട്. |
| (ബി) | പ്രസ്തുത ക്രമക്കേടുകൾ നടത്തിയ ഉദ്യോഗസ്ഥർ ആരെല്ലാമെന്ന് അറിയിക്കുമോ; കുറ്റക്കാരെ കണ്ടെത്തി മാതൃകാപരമായി ശിക്ഷ ഉറപ്പാക്കുന്നതിനും നഷ്ടപ്പെട്ട തുക വീണ്ടെടുക്കുന്നതിനുമായി നടത്തുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (ബി) | സസ്പെൻസ് അക്കൗണ്ടിൽ 100.75 കോടി രൂപ ശേഷിച്ചു എന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിലെ അഡീഷണൽ സെക്രട്ടറിയും കെ.എസ്.ആർ.ടി.സി. ഭരണ സമിതി അംഗവുമായ ശ്രീ. അനിൽ കുമാർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ച കെ.എസ്.ആർ.ടി.സി. ഭരണസമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ടി വിഷയം അന്വേഷിക്കുന്നതിന് സംസ്ഥാന വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ